# 1975 ലെ ആദിവാസി ഭൂനിയമം

പ്രസിദ്ധീകരിക്കുന്നത്

**കേരള കർഷക തൊഴിലാളി യൂണിയൻ**

സംസ്ഥാനകമ്മററി

സംഭാവന 1 രൂപ

# 1975 ലെ ആദിവാസി ഭൂനിയമം

ആദിവാസി ഭൂനിയമം ആദിവാസികൾക്കെതിരായി ഭേദഗതി ചെയ്യാനുള്ള സ്ഥാപിത താല്പര്യക്കാരുടേയും സർക്കാരിന്റേയും ഗൂഢാലോചന നടന്നുകൊണ്ടിരിക്കുകയാണ്. 1975ൽ അടിയന്തിരാവസ്ഥയിൽ ആദിവാസികൾക്ക് സാമൂഹ്യ നീതി ഉറപ്പു വരുത്തുന്നു എന്ന് പ്രഖ്യാപിച്ചു കൊണ്ട് ഭരണ പ്രതിപക്ഷകക്ഷികൾ മെയ്യോടു മെയ് ചേർന്ന് ഏകകണ്ഠമായാണ് ഈ നിയമം പാസ്സാക്കിയത്. പക്ഷേ, ഇന്ന് ഈ നിയമം സാമൂഹ്യ നീതിക്ക് നിരക്കുന്നതല്ല എന്ന് പറഞ്ഞുകൊണ്ട് കേരളത്തിലെ ഭരണ പ്രതിപക്ഷ കക്ഷികൾ ഒന്നടങ്കം ആദിവാസികൾക്കെതിരായി ഭൂനിയമം ഭേദഗതി ചെയ്യാൻ തയ്യാറെടുത്തിരിക്കയാണ്. കേരളത്തിലെ മൂന്ന് ലക്ഷം ആദിവാസികളിൽ ഒന്നേകാൽ ലക്ഷവും വയനാട്ടിലാണ്. ഈ നിയമമനുസരിച്ച് വയനാട്ടിൽ പോലും വെറും മൂവായിരം ഏക്കർ ഭൂമി മാത്രമാണ് ആദിവാസികൾക്ക് ലഭിക്കാൻ സാദ്ധ്യതയുള്ളത്. സംസ്ഥാനം മൊത്തമെടുത്ത് പരിശോധിച്ചാലും വളരെ ചെറിയൊരു ശതമാനം ഭൂമി മാത്രമേ തിരികെ കിട്ടാൻ പോകുന്നുള്ളു. പക്ഷെ, ആദിവാസി ഭൂനിയമത്തെ സംബന്ധിച്ച് വളരെ പെരുപ്പിച്ച കഥകളാണിവിടെ സ്ഥാപിത താല്പര്യക്കാർ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ആദിവാസികളേയും കർഷകരേയും തമ്മിലടിപ്പിച്ചുകൊണ്ട് ഇവർ മുതലെടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ കുപ്രചരണത്തെ തുറന്നു കാണിക്കുവാനും ആദിവാസി ഭൂനിയമം ശാസ്ത്രീയമായി നടപ്പാക്കിക്കൊണ്ട് ആദിവാസികളും സാധാരണ കർഷകരും തമ്മിലുള്ള ഐക്യം സ്ഥാപിക്കാൻ കേരള കർഷകത്തൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ മെയ് 14ന് മാനന്തവാടിയിൽ ആദിവാസി ഭൂസംരക്ഷണ സമ്മേളനം നടക്കുകയാണ്. ഈ സമ്മേളനം വിജയിപ്പിക്കുന്നതിനും ഭൂനിയമം സംബന്ധിച്ച കുപ്രചരണം തുറന്നു കാണിക്കുന്നതിനും വേണ്ടി ഞങ്ങൾ ഈ ഭൂനിയമം പൂർണ്ണരൂപത്തിൽ പ്രസിദ്ധീകരിക്കുകയാണ്.

—കേരള കർഷകത്തൊഴിലാളിയൂണിയൻ
സംസ്ഥാനകമ്മിററി

# 1975-ലെ കേരള പട്ടികവർഗ്ഗക്കാർ (ഭൂമി കൈമാറ്റൽ നിയന്ത്രണവും അന്യാധീനപ്പെടുത്തിയ ഭൂമി തിരിച്ചു കൊടുക്കലും) ആക്ട്
## 1975-ലെ 31-ാം ആക്റ്റ്

കേരള സംസ്ഥാനത്തിലെ പട്ടികവർഗ്ഗക്കാരാൽ ഭൂമി കൈമാറ്റം ചെയ്യപ്പെടുന്നത് നിയന്ത്രിക്കുന്നതിനും അവരാൽ അന്യാധീനപ്പെടുത്തപ്പെട്ട ഭൂമിയുടെ കൈവശം തിരിച്ചുകൊടുക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന ഒരു ആക്റ്റ്.

കേരള സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരാൽ ഭൂമി കൈമാറ്റം ചെയ്യപ്പെടുന്നത് നിയന്ത്രിക്കുന്നതിനും അവരാൽ അന്യാധീനപ്പെടുത്തപ്പെട്ട ഭൂമിയുടെ കൈവശം തിരിച്ചുകൊടുക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തിയാറാം സംവത്സരത്തിൽ താഴെപറയും പ്രകാരം നിയമമുണ്ടാക്കുന്നു.

**1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും**

(1) ഈ ആക്റ്റിന് 1975-ലെ കേരള പട്ടിക വർഗ്ഗക്കാർ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെടുത്തിയ ഭൂമി തിരിച്ചു കൊടുക്കലും) ആക്റ്റ് എന്നു പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ ഗസറ്റിൽ പരസ്യം മൂലം നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

**2. നിർവ്വചനങ്ങൾ**

ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം.

(1) ഏതെങ്കിലും ഭൂമിയെ സംബന്ധിച്ചിടത്തോളം ''തക്ക അധികാരസ്ഥൻ'' എന്നാൽ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന ജില്ലയിലെ ജില്ലാ കളക്റ്റർ എന്നോ അഥവാ ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന പ്രദേശത്തെ തക്ക അധികാരസ്ഥനായി സർക്കാർ നിയമിക്കുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനെന്നോ അർത്ഥമാകുന്നു.

(2) ''സ്ഥാവരവസ്തു'' എന്നതിൽ ഭൂമിയിൽ നിൽക്കുന്ന വിളകളും വൃക്ഷങ്ങളും ഉൾപ്പെടുന്നതും എന്നാൽ വളരുന്ന പുല്ല് ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

(3) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റു പ്രകാരമുണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

(4) ഏതെങ്കിലും ഭൂമിയെ സംബന്ധിച്ച് ''റവന്യൂ ഡിവിഷണൽ

ഓഫീസർ'' എന്നാൽ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന പ്രദേശത്ത് അധികാര പരിധിയുള്ള റവന്യൂ ഡിവിഷണൽ ഓഫീസർ എന്നോ അഥവാ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന പ്രദേശത്തിൽ ഈ ആക്റ്റു പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസറുടെ ചുമതലകൾ നിർവ്വഹിക്കാനായി സർക്കാർ നിയമിച്ച മറേറതെങ്കിലും ഉദ്യോഗസ്ഥനെന്നോ അർത്ഥമാകുന്നു.

(5) ''പട്ടിക വർഗ്ഗക്കാർ'' എന്നാൽ 1950-ലെ ഭരണഘടന (പട്ടിക വർഗ്ഗക്കാർ) ഉത്തരവിൽ പറഞ്ഞിട്ടുള്ള സംസ്ഥാനത്തെ സംബന്ധിക്കുന്ന ഏതെങ്കിലും പട്ടിക വർഗ്ഗക്കാർ എന്നർത്ഥമാകുന്നു.

(6) ''സംസ്ഥാനം'' എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

(7) സ്ഥാവരവസ്തുവിനെ സംബന്ധിച്ചിടത്തോളം ''കൈമാററം'' എന്നാൽ മരണശാസനപ്രകാരമുള്ള കൈമാററമല്ലാതുള്ളതും, കൈവശാവകാശത്തോടു കൂടിയോ അല്ലാതെയോ ഉള്ള പണയമോ, പാട്ടമോ, വിൽപ്പനയോ, ഇഷ്ടദാനമോ, പരസ്പര കൈമാററമോ, മറേറതെങ്കിലും വിധത്തിലോ രേഖാമൂലമായതോ വാഗ്മൂലമോ ഉള്ള ഏതെങ്കിലും ഇടപാടു വഴി സ്ഥാവരം ഏൽപ്പിച്ചുകൊടുക്കുന്ന പ്രവൃത്തി എന്നർത്ഥമാകുന്നതും അതിൽ ചാർജ്ജും വിളപ്പണയവും ഉണ്ടുരുത്തിയും സ്ഥാവരവസ്തു സംബന്ധിച്ച കരാറും പ്രതിഫലം കൊടുത്തുകൊണ്ടോ മററു വിധത്തിലോ വിളകളോ ഭൂമിയിൽ നിൽക്കുന്ന വൃക്ഷങ്ങളോ പണയം വെയ്ക്കുകയോ ചൂണ്ടിപ്പണയമായി നൽകുകയോ ചെയ്യുന്നതും സ്വമേധയാ വിട്ടൊഴിയുന്നതും കൈവെടിയുന്നതും ഉൾപ്പെടുന്നതുമാകുന്നു.

**വിശദീകരണം;- ഈ ഖണ്ഡത്തിൻെറ ആവശ്യത്തിലേക്കായി**

(1) ''വിളപ്പണയം'' എന്നാൽ പ്രതിഫലം നൽകിയോ അല്ലാതെയോ ഉള്ള വിളകളുടെ ചൂണ്ടിപ്പണയം എന്നർത്ഥമാകുന്നു.

(2) ''ഉണ്ടുരുത്തി'' എന്നാൽ ഒരു നിർദ്ദിഷ്ട കാലത്തേക്ക് ഒരു നിർദ്ദിഷ്ട വിലയ്ക്ക് ഏതെങ്കിലും ഭൂമിയിലുള്ളതോ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതോ ആയ ഫലങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം ഏല്പിച്ചുകൊടുക്കൽ എന്നർത്ഥമാകുന്നു.

**3. ഒഴിവാക്കലുകൾ**

ഈ ആക്റ്റിലുള്ള യാതൊന്നുംതന്നെ താഴെപ്പറയുന്ന കാര്യങ്ങളിൽ ബാധകമാകുന്നതല്ല:

(1) അഡ്മിനിസ്ട്രേറ്റർ ജനറലോ ഒഫീഷ്യൽ ട്രസ്റ്റിയോ ഒഫീഷ്യൽ റിസീവറോ നൽകിയ ഏതെങ്കിലും സ്ഥലത്തിൻേറയോ കെട്ടിടത്തിൻെറയോ അവ രണ്ടിൻേറയുമോ പാട്ടം; അഥവാ

(2) സർക്കാരിൽ നിന്ന് ഏതെങ്കിലും വായ്പയോ മററു സഹായമോ ലഭിക്കുന്നതിനുവേണ്ടി പട്ടിക വർഗ്ഗത്തിൽപ്പെട്ട ഏതെങ്കിലും അംഗം സർക്കാരിൻെറ പേർക്കു ചെയ്യുന്ന ഏതെങ്കിലും

സ്ഥാവരവസ്തുവിന്റെ പണയമോ ഈടോ ചൂണ്ടിപ്പണയമോ; അഥവാ

(3) പട്ടിക വർഗ്ഗത്തിലെ ഏതെങ്കിലും അംഗം, 1969-ലെ കേരള സഹകരണസംഘം ആക്ററ് (1969ലെ 21) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതോ ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും സഹകരണസംഘത്തിനോ അഥവാ കോർപ്പറേഷനോ അഥവാ ദേശസാൽക്കരിക്കപ്പെട്ട ഒരു ബാങ്കിനോ അഥവാ സ്വകാര്യ-ഏജൻസിയോ ഉണ്ടിയൽ വ്യാപാരിയോ അല്ലാത്ത സാമ്പത്തിക സഹായം നൽകുന്ന മറേറതെങ്കിലും ഏജൻസിക്കോ, പ്രസ്തുത സംഘമോ, കോർപ്പറേഷനോ, ബാങ്കോ മററ് ഏജൻസിയോ നൽകിയ ഏതെങ്കിലും വായ്പയുടെ ജാമ്യമായി നൽകുന്ന ഏതെങ്കിലും സ്ഥാവരവസ്തുവിന്റെ പണയമോ ഈടോ ചൂണ്ടിപ്പണയമോ.

## 4. കൈമാററങ്ങളിൻമേലുള്ള നിയന്ത്രണം

മറേറതെങ്കിലും നിയമത്തിലോ ഏതെങ്കിലും കരാറിലോ നാട്ടുനടപ്പിലോ മാമൂലിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ, വിധിയിലോ ഉത്തരവിലോ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, പട്ടിക വർഗ്ഗത്തിലെ ഒരംഗം തന്റെ കൈവശത്തിലുള്ളതോ താൻ അനുഭവിച്ചുവന്നതോ തന്റെ ഉടമയിലുള്ളതോ ആയ ഏതെങ്കിലും സ്ഥാവരവസ്തു; ഈ ആക്ട് നടപ്പായി വരുന്ന സമയത്തോ അതിനുശേഷമോ പട്ടികവർഗ്ഗത്തിലെ അംഗമല്ലാത്ത ഏതെങ്കിലും ആളിന് തക്ക ഉദ്യോഗസ്ഥന്റെ മുൻകൂട്ടിയുള്ള രേഖാമൂലമായ സമ്മതം കൂടാതെ നടത്തുന്ന ഏതൊരു കൈമാററവും അസാധുവായിരിക്കുന്നതാണ്.

## 5. ചില കൈമാററങ്ങൾ അസാധുവായിരിക്കുന്നതാണെന്ന്

തൽക്കാലം നിലവിലുള്ള മറേറതെങ്കിലും നിയമത്തിലോ ഏതെങ്കിലും കരാറിലോ നാട്ടുനടപ്പിലോ മാമൂലിലോ അഥവാ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ വിധിയിലോ ഉത്തരവിലോ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, പട്ടികവർഗ്ഗത്തിലെ ഒരംഗം തന്റെ കൈവശത്തിലുള്ളതോ താൻ അനുഭവിച്ചു വന്നതോ തന്റെ ഉടമയിലുള്ളതോ ആയ ഏതെങ്കിലും സ്ഥാവരവസ്തു; 1960 ജനവരി 1-ാം തീയതിയിലോ അതിനുശേഷമോ അപ്പോഴ്ം ഈ ആക്ററ് പ്രാബല്യത്തിൽ വരുന്നതിനുമുമ്പും, പട്ടികവർഗ്ഗത്തിലെ അംഗമല്ലാത്ത ഏതെങ്കിലും ആളിന് നടത്തുന്ന ഏതൊരു കൈമാററവും അസാധുവായി കരുതപ്പെടുന്നതാണ്.

## 6. വസ്തു തിരിച്ചു കൈമാററം ചെയ്യൽ

(1) 4-ാം വകുപ്പു പ്രകാരമോ 5-ാം വകുപ്പുപ്രകാരമോ അസാധുവായ ഒരുസ്ഥാവര വസ്തുവിന്റെ കൈമാററംനിമിത്തം പട്ടികവർഗ്ഗത്തിലെ ഒരംഗത്തിന് പ്രസ്തുത വസ്തുവിന്റ കൈവശമോ അനുഭവമോ നഷ്ടപ്പെട്ടിരിക്കുകയോ നഷ്ടപ്പെടുകയോ ചെയ്യുന്നപക്ഷം

അയാൾക്ക്, അതതു സംഗതിപോലെ, അങ്ങനെയുള്ള വസ്തുവിന്റെ കൈവശമോ അനുഭവമോ തിരിച്ചു കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം ഏതെങ്കിലും സ്ഥാവര വസ്തുവിന്റെ കൈവശമോ അനുഭവമോ തിരിച്ചു കിട്ടുന്നതിന് അർഹതയുള്ള ഏതെങ്കിലും ആൾക്കോ അയാൾക്കുവേണ്ടി മറ്റേതെങ്കിലും ആൾക്കോ റവന്യൂ ഡിവിഷണൽ ആഫീസറുടെ അടുക്കൽ വാക്കു മൂലമോ രേഖാമൂലമോ, ഈ ആക്റ്റ് നടപ്പിൽ വന്ന തീയതി മുതൽ ഒരു വർഷത്തിനകമോ അഥവാ ഗസറ്റിൽ പരസ്യം മൂലം സർക്കാർ നിർദ്ദേശിക്കാവുന്ന കൂടുതൽ സമയത്തിനകമോ.

(എ) അങ്ങനെയുള്ള കൈമാററം നടത്തിയതു് ഈ ആക്റ്റ് നടപ്പിൽ വന്ന തീയതിയ്ക്കു മുൻപാണെങ്കിൽ, അതതു സംഗതിപോലെ, അങ്ങനെയുള്ള വസ്തുവിന്റെ കൈവശമോ അനുഭവമോ തിരിച്ചു കിട്ടുന്നതിനുവേണ്ടിയോ; അഥവാ

(ബി) അങ്ങനെയുള്ള കൈമാററം നടത്തിയതു് ഈ ആക്റ്റ് നടപ്പിൽ വന്ന തീയതിയിലോ അതിനു ശേഷമോ ആണെങ്കിൽ, അതതു സംഗതിപോലെ, അങ്ങനെയുള്ള വസ്തുവിന്റെ കൈവശമോ അനുഭവമോ, തിരിച്ചു കിട്ടുന്നതിനും അങ്ങനെ കൈമാററം വാങ്ങിയ ആളെ പ്രോസിക്യൂട്ടു ചെയ്യുന്നതിനും വേണ്ടി അപേക്ഷ ബോധിപ്പിക്കാവുന്നതാകുന്നു.

(3) (2)-ാം ഉപവകുപ്പു പ്രകാരമുള്ള ഒരപേക്ഷ കിട്ടുമ്പോൾ റവന്യൂ ഡിവിഷണൽ ആഫീസർ പ്രസ്തുത അപേക്ഷയെ സംബന്ധിച്ച ആവശ്യമായ അന്വേഷണങ്ങൾ നടത്തുകയോ നടത്തിക്കുകയോ ചെയ്യേണ്ടതും, അപേക്ഷകനോ അഥവാ ആർക്കു വേണ്ടിയാണോ അപേക്ഷ ബോധിപ്പിച്ചിരിക്കുന്നതു് അയാൾക്കോ അതതു സംഗതിപോലെ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന സ്ഥാവര വസ്തുവിന്റെ കൈവശമോ അനുഭവമോ തിരിച്ചു കിട്ടുന്നതിന് അർഹതയുണ്ടെന്ന് ബോധ്യപ്പെടുകയും ചെയ്യുകയാണെങ്കിൽ അദ്ദേഹത്തിന് ഉത്തരവുമൂലം, അങ്ങനെയുള്ള വസ്തു ആരുടെ കൈവശത്തിലോ അനുഭവത്തിലോ ആണോ ആ ആളിനോട് ഉത്തരവു നടത്തിയ തീയതി മുതൽ മുപ്പതു ദിവസത്തിനകം അതിന്റെ കൈവശം അപേക്ഷകനോ അഥവാ ആർക്കുവേണ്ടിയാണോ അപേക്ഷ ബോധിപ്പിച്ചതു് അയാൾക്കോ കൊടുക്കണമെന്നോ അഥവാ, അതതു സംഗതിപോലെ, അങ്ങനെയുള്ള വസ്തു അയാൾ അനുഭവിക്കുന്നതിന് അനുവദിക്കണമെന്നോ നിർദ്ദേശിക്കാവുന്നതും, അതോടൊപ്പം 11-ാം വകുപ്പു പ്രകാരം കൊടുക്കേണ്ടതായ തുക കാണിച്ചിരിക്കേണ്ടതുമാകുന്നു. എന്നാൽ ഈ ഉപവകുപ്പു പ്രകാരമുള്ള യാതൊരുത്തരവും, വസ്തു കൈവശം വെച്ചിരിക്കുകയോ അനുഭവിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ആളിന് അതുസംബന്ധിച്ച് തനിക്ക് പറയാനുള്ളതു പറയാൻ ന്യായമായ ഒരവസരം നൽകാതെ പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.

(4) (3)-ാം ഉപവകുപ്പ പ്രകാരം പുറപ്പെടുവിക്കുന്ന ഏതൊരുത്തരവും അതു് ആരെ ഉദ്ദേശിച്ചാണോ പുറപ്പെടുവിക്കപ്പെട്ടിരിക്കുന്നതു് ആ ആളിനു് താഴെപ്പറയും പ്രകാരം നൽകേണ്ടതാണു്.

(എ) പ്രസ്തുത ആളിനെ ഏൽപ്പിക്കുകയോ വച്ചു കാട്ടുകയോ ചെയ്യുക അഥവാ,

(ബി) പ്രസ്തുത ആളിനെ ഏല്പിക്കാനോ വച്ചുകാട്ടാനോ സാധിക്കാത്ത പക്ഷം പ്രസ്തുത ആളിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനേയോ ആ ആളിന്റെ കുടുംബത്തിലെ ഏതെങ്കിലും പ്രായപൂർത്തിയായ അംഗത്തിനേയോ ഏല്പിക്കുകയോ വച്ചുകാട്ടുകയോ അല്ലെങ്കിൽ അതിന്റെ ഒരു പകപ്പ് പ്രസ്തുത ആറം അവസാനമായി താമസിച്ചിരുന്നതോ അഥവാ വ്യാപാരം നടത്തി വന്നിരുന്നതോ അഥവാ ലാഭമുണ്ടാക്കാനായി നേരിട്ടു ജോലി ചെയ്തിരുന്നതോ ആയി അറിയപ്പെടുന്നതായ സ്ഥലത്തിന്റെ പുറം വാതിലിൽ എല്ലാവരും കാണത്തക്ക സ്ഥലത്തു് പതിക്കുകയോ ചെയ്യുക; അഥവാ

(സി) ഇതിൽ ഏതെങ്കിലും വിധത്തിൽ നൽകാൻ സാധിച്ചില്ലെങ്കിൽ രജിസ്റ്റർ തപാൽ മുഖേനയോ

(5) (3)-ാം ഉപ വകുപ്പ പ്രകാരമുള്ള റവന്യൂ ഡിവിഷണൽ ആഫീസറുടെ ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളും ഉത്തരവു നൽകിയ തിയതി മുതൽ മുപ്പതു ദിവസത്തിനകം തക്ക അധികാരസ്ഥന്റെ മുമ്പാകെ അപ്പീൽ ബോധിക്കാവുന്നതും പ്രസ്തുത അപ്പീലിന്മേൽ തക്ക അധികാരസ്ഥന്റെ തീരുമാനം അവസാനത്തേതായിരിക്കുന്നതും യാതൊരു നീതിന്യായ കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു.

(6) (3)-ാം ഉപവകുപ്പ പ്രകാരമുള്ള ഒരു ഉത്തരവ് അനുസരിച്ചിട്ടില്ലാതിരിക്കുകയും,

(എ) അപ്പീലിനു് അനുവദിച്ചിട്ടുള്ള കാലയളവിനുള്ളിൽ ഒരു അപ്പീൽ ബോധിപ്പിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുകയോ; അഥവാ

(ബി) അപ്പീൽ ബാധിപ്പിച്ചിരിക്കുകയും അതു് തള്ളിക്കളഞ്ഞിരിക്കുകയുമാണെങ്കിൽ റവന്യൂ ഡിവിഷണൽ ആഫീസർ, ഏതു് സ്ഥാവര വസ്തുവിനെയാണു് ഉത്തരവ് ബാധിക്കുന്നതു് ആ സ്ഥാവര വസ്തു, ആവശ്യമുള്ള പക്ഷം, ആ വസ്തു വിട്ടുകൊടുക്കാൻ വിസമ്മതിക്കുന്ന ഏതൊരാളെയും ഒഴിപ്പിച്ചു കൊണ്ടു്, കൈമാററം ചെയ്ത ആളിന്റെ കൈവശത്തിലോ അഥവാ അനുഭവത്തിലോ ആക്കുകയും ചെയ്തുകൊണ്ടു് അയാളെ ഏൽപ്പിക്കുവാൻ ഏർപ്പാടു് ചെയ്യേണ്ടതാണു്.

## 7. സർക്കാരിന്റെ സ്വമേധയായുള്ള നടപടി

(1) (6)-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 4-ാം വകുപ്പ പ്രകാരമോ അഥവാ 5-ാം വകുപ്പ പ്രകാരമോ അസാധുവായ ഒരു കൈമാററ പ്രകാരം പട്ടിക വർഗ്ഗത്തിലെ ഏതെങ്കിലും ഒരം

ഗത്തിന് ഏതെങ്കിലും സ്ഥാവര വസ്തുവിന്റെ കൈവശമോ അനുഭവമോ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് ആവശ്യമായ അന്വേഷണത്തിനു ശേഷം സർക്കാരിന് ബോദ്ധ്യമാകുന്ന പക്ഷം സർക്കാരിന് സ്വമേധയാ ഉത്തരവുമൂലം ആ സ്ഥാവര വസ്തുവിന്റെ കൈവശമോ അനുഭവമോ ഉള്ള ആളോട്, അതത് സംഗതി പോലെ ആ വസ്തുവിന്റെ കൈവശമോ അനുഭവമോ പ്രസ്തുത അംഗത്തിന് ഏൽപ്പിച്ചുകൊടുക്കാൻ നിർദ്ദേശിക്കാവുന്നതാണ്. എന്നാൽ ഈ ഉപവകുപ്പു പ്രകാരമുള്ള യാതൊരു ഉത്തരവും വസ്തു കൈവശം വച്ചുകൊണ്ടിരിക്കുകയോ അനുഭവിക്കുകയോ ചെയ്യുന്ന ആളിന് അതു സംബന്ധിച്ച് പറയാനുള്ളതു് പറയാൻ ന്യായമായ ഒരവസരം നൽകാതെ പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.

(2) (1) ാം ഉപവകുപ്പു പ്രകാരമുള്ള ഏതൊരു ഉത്തരവും അതു് ആരെ ഉദ്ദേശിച്ച് പുറപ്പെടുവിച്ചുവോ ആ ആളിനു് 6-ാം വകുപ്പ് (4)-ാം വകുപ്പിൽ പറയുന്ന രീതിയിൽ നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഒരു ഉത്തരവ് അന്തിമമായിരിക്കുമെന്നതും യാതൊരു കോടതിയിലും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

## 8. തെളിവു ഭാരം

ഈ ആക്റ്റ് പ്രകാരം ഉള്ള ഏതെങ്കിലും നടപടികളിലോ 13-ാം വകുപ്പു പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുററത്തിന്റെ വിചാരണയിലോ സ്ഥാവരവസ്തുവിന്റെ ഏതെങ്കിലും കൈമാററം സാബന്ധിച്ച നിയമസാധുത ചോദ്യം ചെയ്യപ്പെടുകയാണെങ്കിൽ, നിയമ സാധുതയുടെ തെളിവു ഭാരം, നിലവിലുള്ള മറേറതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അത്തരം കൈമാററം സാധുവായിരുന്നുവെന്ന് തേർച്ച ചെയ്യുന്ന ആളിനായിരിക്കുന്നതാണ്.

## 9. രജിസ്ട്രേഷന്റെ കാര്യത്തിന് പ്രമാണങ്ങളുടെ അസ്വീകാര്യത

1908-ലെ രജിസ്ട്രേഷൻ ആക്റ്റിൽ (1908-ലെ 16-ാം കേന്ദ്ര ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടോ അവയ്ക്കു വിരുദ്ധമായോ നടത്തിയിട്ടുള്ള ഏതെങ്കിലും സ്ഥാവര വസ്തുവിന്റെ യാതൊരു കൈമാററപ്രമാണവും രജിസ്ട്രേഷനുവേണ്ടി സ്വീകാര്യമല്ലാത്തതാകുന്നു.

## 10. സ്ഥാവരവസ്തുക്കളുടെ ജപ്തി തടയൽ

പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരംഗത്തിനെതിരായി പണം സംബന്ധിച്ച ഒരു വിധി നടത്തുന്നതിന്, നിർണ്ണയിക്കപ്പെട്ടിടത്തോളവും നിർണ്ണയിക്കപ്പെട്ട രീതിയിലുമല്ലാതെ ഏതെങ്കിലും സ്ഥാവരവസ്തുവിൽ അയാൾക്കുള്ള അവകാശമോ അവ

കാശ ബന്ധമോ ജപ്തി ചെയ്യാനോ വിൽക്കാനോ പാട്ടുള്ളതല്ല.

11. **തുക നൽകാനുള്ള ബാധ്യത**

(1) തൽക്കാലം നിലവിലുള്ള മറേറതെങ്കിലും നിയമത്തിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും സ്ഥാവരവസ്തുവിൻെറ കൈവശമോ, അനുഭവമോ, ഈ ആക്ററ് പ്രകാരം പട്ടികവർഗ്ഗത്തിലെ ഒരംഗത്തിന് തിരിച്ചു നൽകുമ്പോഠം, പ്രസ്തുത അംഗം കൈമാററം ചെയ്ത സമയം വാസ്തവത്തിൽ വാങ്ങിയ പ്രതിഫലത്തുകയും, കൈമാററത്തിനുശേഷവും അങ്ങനെ തിരിച്ചുനൽകുന്നതിനു മുമ്പും ചെയ്തിട്ടുള്ള ദേഹണ്ഡം വല്ലതുമുണ്ടെങ്കിൽ അതിനു തക്ക അധികാരസ്ഥൻ നിർണ്ണയിക്കു തുകയും കൂട്ടിയാൽ കിട്ടുന്ന തുക അയാഠം അതതു സംഗതി പോലെ കൈവശമോ, അനുഭവമോ ആരിൽനിന്നാണോ തിരിച്ചുവാങ്ങിയതു് അയാഠംക്ക്, ഈ ആക്ററ്പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളനുസരിച്ചു നൽകേണ്ടതാണ്.

എന്നാൽ കൈമാററം ഈ ആക്ററ് നടപ്പിൽ വന്നപ്പോഴോ അതിനുശേഷമോ ആണ് നടത്തിയിട്ടുള്ളതെങ്കിൽ യാതൊരു തുകയും നൽകേണ്ടതില്ല.

(2) (1)-ാം ഉപവകുപ്പു പ്രകാരം തക്ക അധികാരസ്ഥൻ നിർണ്ണയിച്ച തുക അന്തിമമായിരിക്കുന്നതും യാതൊരു കോടതിയിലും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

(3) (1)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ടതായ തുക നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ വസൂലാക്കേണ്ടതാണ്.

12. **തുക കൊടുക്കുന്നതിനുവേണ്ടി സർക്കാർ വായ്പ നൽകേണ്ടതാണെന്നു്:-**

(1) സർക്കാരിന് 11-ാം വകുപ്പു പ്രകാരം തുക നൽകാൻ ബാധ്യസ്ഥരായ പട്ടികവർഗ്ഗങ്ങളിലെ അംഗങ്ങഠംക്ക് ഈ ആവശ്യത്തിലേക്കായി ഉണ്ടാക്കാവുന്ന ചട്ടങ്ങഠംക്ക് വിധേയമായി വായ്പ നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം നൽകപ്പെട്ട വായ്പ ഈ ആവശ്യത്തിലേക്കായി ഉണ്ടാക്കാവുന്ന ചട്ടങ്ങളനുസരിച്ച് ഇരുപതു് തുല്യ വാർഷിക ഗഡുക്കളായി തിരിച്ചു നൽകേണ്ടതാണ്.

(3) നൽകപ്പെട്ട വായ്പ (2)-ാം ഉപവകുപ്പു പ്രകാരം തിരിച്ചു നൽകുന്നതിൽ എന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം, വീഴ്ച വരുത്തിയ തുക, കേരള നികുതി വസൂലാക്കൽ ആക്ററ് പ്രകാരം ഭൂമിയിൽമേലുള്ള പൊതു നികുതി കുടിശ്ശികയെന്നപോലെ വസൂലാക്കുന്നതാണ്.

13. **കുററങ്ങളും ശിക്ഷകളും**

ഈ ആക്ററ് നടപ്പിൽ വരുമ്പോഴോ അതിനുശേഷമോ 4-ാം വ

കുപ്പിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി ഏതെങ്കിലും സ്ഥാവര വസ്തു കൈമാററം ചെയ്തു വാങ്ങുന്ന ഏതൊരാൾക്കും ഒരു വർഷത്തോളം വരെ കഠിന തടവോ രണ്ടായിരം രൂപയോളം വരാവുന്ന പിഴയോ അഥവാ രണ്ടും കൂടിയതോ ആയ ശിക്ഷ നൽകേണ്ടതാണ്.

## 14. കുററവിചാരണാധികാരം

(1) ഈ ആക്ററു പ്രകാരം ശിക്ഷാർഹമായ യാതൊരു കുററവും ഒന്നാം ക്ലാസ് മജിസ്ട്രേട്ടു കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും വിചാരണ ചെയ്യാൻ പാടുള്ളതല്ല. എന്നാൽ ഈ ആക്ററ് പ്രകാരം ശിക്ഷാർഹമായ കുററങ്ങൾ വിചാരണ ചെയ്യാൻ സർക്കാരിന് ഒരു സ്പെഷ്യൽ കോടതിയോ ഒന്നിൽ കൂടുതൽ സ്പെഷ്യൽ കോടതികളോ രൂപീകരിക്കാവുന്നതാണ്.

(2) ഈ ആക്ററ് നടപ്പിൽ വരുമ്പോഴോ അതിനുശേഷമോ 4-ാം വകുപ്പിനു വിരുദ്ധമായി സ്ഥാവര വസ്തു കൈമാററം ചെയ്തിട്ടുണ്ടെങ്കിൽ റവന്യൂ ഡിവിഷണൽ ഓഫീസർ അതതു സംഗതി പോലെ, അധികാര പരിധിയുള്ള മജിസ്ട്രേട്ടു മുമ്പാകെയോ, സ്പെഷ്യൽ കോടതി മുമ്പാകെയോ, ഈ ആക്ററ് പ്രകാരമുള്ള കുററങ്ങൾ വിചാരണ ചെയ്യുന്നതിനായി അന്യായം ബോധിപ്പിക്കേണ്ടതാണ്.

(3) 4-ാം വകുപ്പിനു വിരുദ്ധമായി നടത്തപ്പെട്ട കൈമാററത്താൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കോ അഥവാ അയാൾക്കുവേണ്ടി മറേറതെങ്കിലും ആൾക്കോകൂടി, അതതു സംഗതിപോലെ, അധികാരപരിധിയുള്ള മജിസ്ട്രേട്ടു മുമ്പാകെയോ, സ്പെഷ്യൽ കോടതി മുമ്പാകെയോ, ഈ ആക്ട് പ്രകാരമുള്ള കുററം വിചാരണ ചെയ്യുന്നതിനായി അന്യായം ബോധിപ്പിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

## 15. പട്ടികവർഗ്ഗക്കാർക്കെതിരായി ക്രിമിനൽ നടപടി നിയമം 10-ാം അദ്ധ്യായപ്രകാരം നടപടി നടത്തുന്നതിനു് തടസ്സം

പട്ടികവർഗ്ഗത്തിലെ ഒരംഗമാണെന്ന് അവകാശപ്പെടുന്ന ഏതെങ്കിലും ആളോ, അയാൾക്കുവേണ്ടി മറേറതെങ്കിലും ആളോ, ഈ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ഏതെങ്കിലും ഭൂമിയുടെ കൈവശമോ, അനുഭവമോ തിരിച്ചു കിട്ടണമെന്ന് റവന്യൂ ഡിവിഷണൽ ആഫീസറുടെ അടുക്കൽ അപേക്ഷ ബോധിപ്പിക്കുന്നപക്ഷമോ, അഥവാ ഏതെങ്കിലും സ്ഥാവരവസ്തുവിന്റെ കൈവശമോ അനുഭവമോ ഏതെങ്കിലും ആൾക്ക് തിരിച്ചു നൽകാൻ 7-ാം വകുപ്പു പ്രകാരം സർക്കാർ സ്വമേധയാ നടപടി എടുക്കുന്നപക്ഷമോ, തൽക്കാലം നിലവിലുള്ള മറേറതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അയാളും, പ്രസ്തുത ഭൂമിയുടെ കൈവശമോ അനുഭവമോ ഉള്ള ആളാണെന്ന് തേർച്ച ചെയ്യുന്ന മറേറതെങ്കിലും ആളും

തമ്മിലുള്ള ഏതെങ്കിലും തർക്കം സംബന്ധിച്ച 1973-ലെ ക്രിമിനൽ നടപടി നിയമം (1974-ലെ 2-ാം കേന്ദ്ര ആക്ററ്) 10-ാം അദ്ധ്യായപ്രകാരം യാതൊരു മജിസ്ട്രേററിനും അധികാരമുണ്ടായിരിക്കുന്നതല്ല.

**16. ഈ ആക്ററു പ്രകാരമുള്ള നടപടികളിൽ അഭിഭാഷകൻ ഹാജരാകാൻ പാടില്ലെന്ന്**

റവന്യൂ ഡിവിഷണൽ ആഫീസറുടെയോ തക്ക അധികാരസ്ഥന്റെയോ സക്കാരിന്റേയോ മുമ്പാകെയുള്ള ഏതെങ്കിലും നടപടികളിൽ, അതതു സംഗതിപോലെ, പ്രസ്തുത ഉദ്യോഗസ്ഥന്റെയോ, അധികാരസ്ഥന്റെയോ, സർക്കാരിന്റെയോ രേഖാമൂലമായ അനുവാദത്തോടുകൂടിയല്ലാതെ ഏതെങ്കിലും കക്ഷിക്കുവേണ്ടി യാതൊരു അഭിഭാഷകനും ഹാജരാകുകയോ, വാദിക്കുകയോ, പ്രവർത്തിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

**17. തക്ക അധികാരസ്ഥന്റെയും റവന്യൂ ഡിവിഷണൽ ആഫീസറുടേയും അധികാരങ്ങൾ**

(1) ഈ ആക്ററ് പ്രകാരമുള്ള അന്വേഷണ വിചാരണ നടത്തുമ്പോൾ തക്ക അധികാരസ്ഥനും, റവന്യൂ ഡിവിഷണൽ ആഫീസർക്കും, 1908ലെ സിവിൽ നടപടി നിയമ (1908 ലെ 5-ാം കേന്ദ്ര ആക്ററ്)പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടായിരിക്കുന്നതാണ്, അതായത്,

(എ) ഏതെങ്കിലും ആളെ വിളിച്ചുവരുത്തുന്നതിനും ഹാജരാകാൻ നിർബന്ധിക്കുന്നതിനും അയാളെ സത്യവാചകം ചൊല്ലി വിസ്തരിക്കുന്നതിനും;

(ബി) ഏതെങ്കിലും രേഖ കണ്ടുപിടിച്ച് ഹാജരാക്കണമെന്ന് ആവശ്യപ്പെടുന്നതിനും;

(സി) നിർണ്ണയിക്കപ്പെടാവുന്ന മറെറതെങ്കിലും കാര്യങ്ങൾക്കും.

(2) തക്ക അധികാരസ്ഥന്റെയും റവന്യൂ ഡിവിഷണൽ ആഫീസറുടേയും ഈ ആക്ററ് പ്രകാരമുള്ള തീരുമാനങ്ങൾക്ക് ഒരു സിവിൽ കോടതിയുടെ വിധിക്കുള്ള പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

**18. വൈഷമ്യങ്ങൾ നീക്കുവാനുള്ള അധികാരം**

ഈ ആക്ററിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുമ്പോൾ എന്തെങ്കിലും വൈഷമ്യങ്ങൾ നേരിടുന്ന പക്ഷം സർക്കാരിന്, സന്ദർഭാനുസരണം, ഉത്തരവുമൂലം അപ്രകാരമുള്ള വൈഷമ്യങ്ങൾ നീക്കുന്നതിനാവശ്യമാണെന്ന് അവർ കരുതുന്നതും. ഈ ആക്ററിലെ വ്യവസ്ഥകൾക്കു വിരുദ്ധമല്ലാത്തതുമായ എന്തു കാ

ര്യവും ചെയ്യാവുന്നതാണ്.

**19. ഉത്തമവിശ്വാസ്യമായി ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം**

ഈ ആക്ററു പ്രകാരമോ അതു പ്രകാരമുണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ ഉത്തമ വിശ്വാസ്യമായി ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതൊരു കാര്യം സംബന്ധിച്ചും യാതൊരു വ്യവഹാരമോ ശിക്ഷാ നടപടിയോ മററു നിയമ നടപടിയോ യാതൊരാൾക്കും എതിരായി സ്വീകാര്യമായിരിക്കുന്നതല്ല.

**20. മററു നിയമങ്ങളുടെ ഒഴിവാക്കൽ**

ഈ ആക്ടിലെ വ്യവസ്ഥകൾ, ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നിടത്തോളമൊഴികെ, ഈ ആക്ടിൽ പറഞ്ഞ ഏതെങ്കിലും കാര്യം നിയന്ത്രിക്കുന്ന തൽക്കാലം നിലവിലുള്ള മററു നിയമങ്ങൾക്കു പുറമേ ആയിരിക്കുന്നതും, അവയ്ക്ക് ഭംഗം വരുത്തുന്ന രീതിയിലായിരിക്കുന്നതല്ലാത്തതുമാകുന്നു.

**21. സിവിൽ കോടതികളുടെ വിചാരണാധികാരത്തിനുള്ള തടസ്സം**


ഈ ആക്ററുമൂലമോ ഈ ആക്ററു പ്രകാരമോ തക്ക അധികാരസ്ഥനോ റവന്യൂ ഡിവിഷണൽ ആഫീസറോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നമോ, നിർണ്ണയിക്കേണ്ടതായ ഏതെങ്കിലും കാര്യമോ തീർപ്പാക്കുന്നതിനോ, തീരുമാനിക്കുന്നതിനോ, കൈകാര്യം ചെയ്യുന്നതിനോ നിർണ്ണയിക്കുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരമുണ്ടായിരിക്കുന്നതല്ല.

**22. ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം**

(1) ഈ ആക്ടിലെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി സർക്കാരിന് ഗസററിൽ പരസ്യം മുഖേന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാകുന്നു.

(2) ഈ ആക്ടുപ്രകാരമുണ്ടാക്കുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭായോഗം ചേർന്നിരിക്കുമ്പോൾ അതിൻെറ മുമ്പാകെ ആകെ പതിന്നാലു ദിവസത്തേക്ക്–അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനത്തിലോ പെടാം–വയ്ക്കേണ്ടതും അത് അപ്രകാരം വയ്ക്കുന്ന സമ്മേളനമോ അതിനുതൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ ആ ചട്ടം ഒന്നുകിൽ ഭേദഗതിചെയ്യണമെന്നോ അല്ലെങ്കിൽ ആചട്ടം ഉണ്ടാക്കേണ്ടതില്ലെന്നോ തീരുമാനിക്കുന്ന പക്ഷം ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ ഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അഥവാ, യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള യാതൊരു ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം നേരത്തേ ചെയ്ത യാതൊന്നിൻേറയുംസാധുതയ്ക്ക് ദൂഷ്യം വരുത്താത്ത വിധത്തിലായിരിക്കേണ്ടതുമാകുന്നു.

# ആദിവാസി ഭൂനിയമം
# ശാസ്ത്രീയമായി
# നടപ്പിലാക്കുക



ആദിവാസികളെ വംശഹത്യയിൽനിന്നും രക്ഷിക്കുന്നതിനു വേണ്ടി വിപ്ലവപുരോഗമന ശക്തികളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പ്രക്ഷോഭത്തെ തുടർന്നാണ് ആദിവാസി ഭൂനിയമത്തിന്റെ പ്രശ്നം ഇന്ന് വീണ്ടും സജീവമായി ഉയർന്നുവന്നിരിക്കുന്നത്. ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു കിട്ടുന്നതിനുവേണ്ടി നടത്തിയ നിരവധി സമരപ്രക്ഷോഭങ്ങളുടെ ഫലമായിട്ടു കൂടിയാണ് 1975ലെ കേരള പട്ടികവർഗ്ഗക്കാർ (ഭൂമി കൈമാററൽ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി തിരിച്ചു കൊടുക്കലും) ആക്റ്റ് കേരള നിയമസഭയിൽ ഏകകണ്ഠമായി പാസാക്കപ്പെട്ടത്. പക്ഷേ, വമ്പിച്ച രാഷ്ട്രീയ സ്വാധീനമുള്ള വൻകിട കയ്യേററക്കാർ രണ്ടു ദശാബ്ദമായി ഈ നിയമം നടപ്പാക്കുന്നതിനെ ചെറുത്തു തോൽപ്പിക്കുകയായിരുന്നു. ഈ നിയമം നടപ്പാക്കാൻ ശ്രമിച്ച ഓരോ ഘട്ടത്തിലും, ഭരണ-പ്രതിപക്ഷ കക്ഷികളെ സ്വാധീനിച്ചു കൊണ്ടും ഉദ്യോഗസ്ഥന്മാർക്ക് കോഴ നൽകിയും കർഷകരെ ആദിവാസികൾക്കെതിരെ അണിനിരത്തി സംഘർഷം സൃഷ്ടിച്ചുകൊണ്ടും മററും ഇതിനെ ചെറുക്കാനാണവർ ശ്രമിച്ചത്.

ആദിവാസി ഭൂനിയമം ഇന്ത്യൻ ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ കൂട്ടിച്ചേർത്തിരിക്കുന്നതിനാൽ കോടതിയിൽ ചോദ്യം ചെയ്യാൻ സാധാരണ ഗതിയിൽ സാധ്യമല്ല. ഈ നിയമം പാസാക്കിയതിനുശേഷം 8 വർഷത്തോളം ഇതു നടപ്പാക്കാനായി സർക്കാരുകളുടെ ഭാഗത്തുനിന്നു യാതൊരു ശ്രമവും നടത്തുകയുണ്ടായിട്ടില്ല. തുടർന്നു ചില സമ്മർദ്ദങ്ങൾക്കു വിധേയമായി 1984 ജനുവരി 24ന് ഈ നിയമം ഗസററിൽ വിജ്ഞാപനം ചെയ്യുകയുണ്ടായി. 1982 ജനുവരി 1 എന്ന കണക്കിൽ ഈ നിയമം നടപ്പാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 1986 ജനുവരി 20ന് ഗവൺമെന്റ് വീണ്ടും ഉത്തരവ് പുറപ്പെടുവിച്ചു. ഇതിന്റെ കൂടെ തന്നെ 1960 ജനുവരി 1 മുതൽ ഈ നിയമത്തിന് മുൻകാല പ്രാബല്യവും നൽകപ്പെട്ടു. ഇതനുസരിച്ച് 1960 ജനുവരി ഒന്നിനുശേഷം ആദിവാസികൾ നടത്തിയ ഭൂമി കൈമാററങ്ങളെല്ലാം റദ്ദു ചെയ്യുമെന്നായിരുന്നു ഭൂനിയമത്തിലെ വ്യവസ്ഥ. ഈ തിയ്യതിക്കുശേഷം കൈമാററം ചെയ്യപ്പെടുന്ന ഭൂമിക്ക് നഷ്ടപരിഹാരം അർഹതപ്പെടുന്നില്ലെന്നും നിയമം ലംഘിക്കുന്നവർക്ക് കഠിന തടവും പിഴയും ഉണ്ടാകുമെന്നും നിയമം അനുശാസിക്കുന്നു. 1960 ജനുവരി 1-ാം തിയ്യതിയിലൊ അതിനുശേഷമൊ അപ്പോഴും ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനുമുമ്പും പട്ടികവർഗ്ഗത്തിലെ അംഗമല്ലാത്ത ഏതെങ്കിലും ആളിനു നടത്തുന്ന ഏതൊരു കൈമാററവും അസാധുവായി കരുതപ്പെടുന്നതാണെന്നു ആക്റ്റിൽ പറയുന്നു.

ഈ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി 1982ൽ ഭൂമി നഷ്ടപ്പെട്ട ആദിവാസികളിൽ നിന്നും റവന്യൂ ഡിവിഷണൽ ഓഫീസർമാർ മുഖേന സർക്കാർ 8000ത്തോളം പരാതികൾ സ്വീകരിക്കുകയുണ്ടായി. പക്ഷേ, ഈ പരാതികളിന്മേൽ അന്വേഷണം നടത്തി തീർപ്പു കല്പിക്കുകയോ ഇതി

ന്റെ ഫലമായി ഒരു തുണ്ടു ഭൂമിപോലും ആദിവാസികൾക്ക് ലഭിക്കുകയോ ചെയ്തിട്ടില്ലെന്നതാണ് വസ്തുത.

കേരളത്തിൽ നാളിതുവരെ നടപ്പാക്കപ്പെട്ട ഭൂപരിഷ്ക്കരണങ്ങളുടക്കമുള്ള എല്ലാ പുരോഗമന നടപടികളുടേയും ഗുണഫലങ്ങൾ കേരളത്തിലെ മൂന്നു ലക്ഷത്തോളം വരുന്ന ആദിവാസികൾക്ക് ലഭിച്ചിട്ടില്ലെന്നുള്ളതാണ് ഏററവും ഗുരുതരമായ പ്രശ്നം. കേരളത്തിലെ ആദിവാസികളിൽ ബഹുഭൂരിപക്ഷവും വയനാട്, പലക്കാട്, ഇടുക്കി ജില്ലകളിലാണുള്ളത്. ആദിവാസികളുടെ ഉന്നമനത്തിനെന്ന പേരിൽ കോടിക്കണക്കിനു രൂപ പലവിധ പദ്ധതികൾക്കായി സർക്കാർ വർഷാവർഷം ചെലവാക്കുന്നുണ്ട്. ഇവയൊന്നും തന്നെ കേരളത്തിലെ ആദിവാസികളുടെ ജീവിതാവസ്ഥയെ അല്പം പോലും മെച്ചപ്പെടുത്തിയിട്ടില്ല. ആദിവാസി വികസന പദ്ധതികളുടെ ഗുണഭോക്താക്കൾ വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരും കോൺട്രാക്ടർമാരും മററുചില ഇടത്തട്ടുകാരുമാണ്. വികസന പ്രവത്തനത്തിന്റെ പേരിൽ പ്രതിവർഷം ആയിരക്കണക്കിന് ഏക്കർ വനഭൂമി നമുക്കു നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആദിവാസികൾ ഇതിന്റെ ഫലമായി സ്വന്തം ഭൂമിയിൽ നിന്നു കുടിയിറക്കപ്പെടുകയും വനവിഭവങ്ങളെ ആശ്രയിച്ചുകൊണ്ടുള്ള അവരുടെ നിലനില്പ് ഓരോ നിമിഷവും അപകടത്തിലായിക്കൊണ്ടിരിക്കുകയുമാണ്.

കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ആദിവാസികളും വനവിഭവ ശേഖരണം, ഗാർഹിക വ്യവസായം (വിവിധയിനം പായ, വട്ടി, കൊട്ട, പനമ്പ് തുടങ്ങിയവയുടെ നിർമ്മാണം) കാർഷികവൃത്തി എന്നിവയിലാണ് ഏർപ്പെട്ടിരിക്കുന്നത്. സ്വകാര്യ വ്യവസായികൾക്കായി വ്യാപകമായി വനഭൂമി നൽകുന്നതും വനവിഭവ ശേഖരണത്തിനായി സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതും ഇതിലേർപ്പെട്ടിരിക്കുന്ന പതിനായിരക്കണക്കിനു ആദിവാസികളുടെ ഉപജീവനത്തെ ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. ശാസ്ത്രീയമായ വന നയം നടപ്പാക്കിക്കൊണ്ടും വനവിഭവ ശേഖരണം പൂർണ്ണമായും ഗിരിവർഗ്ഗ സഹകരണ സംഘങ്ങളെ ഏൽപ്പിച്ചുകൊണ്ടും ഇന്നത്തെ അവസ്ഥയെ അടിയന്തിരമായി മാററിത്തീർക്കേണ്ടതുണ്ട്.

ഗോത്രവർഗ്ഗ ഗാർഹിക വ്യവസായം കാലോചിതമായി പരിഷ്കരിക്കുകയും ഇടത്തട്ടുകാരെ നിർമ്മാർജ്ജനം ചെയ്തുകൊണ്ട് ഉൽപ്പാദന വിതരണ രംഗത്തു നേരിടുന്ന പ്രശ്നങ്ങൾ അതിവേഗം പരിഹരിക്കുകയും ചെയ്യേണ്ടതുണ്ട്. പതിനായിരക്കണക്കിന് ആദിവാസി കുടുംബങ്ങൾ മററു തൊഴിലുകൾ പരിചയമില്ലാത്തതു കൊണ്ട് ഇതിനെ മാത്രമാണ് ആശ്രയിച്ചു നില്ക്കുന്നത്. പക്ഷേ, സർക്കാർ ഈ ദിശയിൽ യാതൊരു നീക്കവും നടത്തുന്നില്ല.

കാർഷിക വൃത്തിയെ ആശ്രയിച്ചു ജീവിക്കുന്ന ആദിവാസികളാകട്ടെ ബഹുഭൂരിപക്ഷവും തികച്ചും ഭൂരഹിതരായ കർഷക തൊഴിലാളികളാണ്. ഇവക്കു വർഷത്തിൽ നൂറു തൊഴിൽദിനം പോലും ലഭിക്കുന്നില്ല. മററു വിഭാഗത്തിലുള്ള കർഷക തൊഴിലാളികൾക്ക് ലഭിക്കുന്ന കൂലി പോലും ഇവർക്ക് കൃത്യമായി ലഭിക്കാറില്ല.

നിരവധി മാറാരോഗങ്ങൾക്ക് അടിപ്പെട്ടു കൊണ്ടിരിക്കുന്ന കേരളത്തിലെ ആദിവാസികൾ പരിസ്ഥിതി നാശത്തിന്റേയും മററും ഫലമായി സിക്കിൾസെൽ അനീമിയ പോലുള്ള മാരകരോഗങ്ങൾക്ക് കൂടി കീഴ്പ്പെട്ടു കൊണ്ടിരിക്കുകയാണ്. കേരളത്തിലെ പിന്നോക്കത്തിൽ പിന്നോക്കം നില്ക്കുന്ന ആദിവാസി വിഭാഗങ്ങളായ കൊറഗർ, കാടർ, ചോലനായ്ക്കർ, കുറുമ്പർ, കാട്ടുനായ്ക്കർ തുടങ്ങിയ വിഭാഗക്കാർക്ക് ഒരിഞ്ചു ഭൂമിപോലും സ്വന്തമായിട്ടില്ല എന്നുള്ളതാണ് വസ്തുത. എല്ലാ തരത്തിലുമുള്ള ഉൽപ്പാദന പ്രക്രിയകളിൽ നിന്നും ഇവർ പുറന്തള്ളപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഇവരുടെ ജനസംഖ്യ ഓരോ വർഷവും ചുരുങ്ങിക്കൊണ്ടിരിക്കുകയാണെന്നുള്ളതു് വംശഹത്യയെന്ന അപകടത്തിലേക്കുള്ള വിരൽ ചൂണ്ടലായി കണക്കാക്കപ്പെടേണ്ടതുണ്ട്. ഇത്തരം ഗുരുതരമായ ഒരു സാഹചര്യത്തിലാണ് ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു നൽകാനും അവരുടെ മുഴവൻ ഭൂപ്രശ്നവും പരിഹരിക്കാനുമുള്ള കെ.കെ.ടി.യുവിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രക്ഷോഭ സമരങ്ങളുടെ പ്രാധാന്യം നോക്കി കാണേണ്ടതു്.

## 1975ലെ ആദിവാസി ഭൂനിയമത്തിന്റെ പരിമിതികൾ

നൂററാണ്ടുകൾക്കു മുൻപേ ആരംഭിച്ച കുടിയേററത്തിന്റേയും മററും ഫലമായി ആദിവാസികൾ ഭൂമിയിൽ നിന്നും സമൂഹത്തിന്റെ പൊതുധാരയിൽ നിന്നു തന്നെയും എങ്ങനെ മാററി നിർത്തപ്പെട്ടു എന്നതിനെക്കുറിച്ചുള്ള യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് ആദിവാസികളുടെ സമഗ്രമായ വികസനവും മുന്നേററവും ലക്ഷ്യം വെച്ചു കൊണ്ട് ശാസ്ത്രീയമായി തയ്യാറാക്കപ്പെട്ടിട്ടുള്ളതല്ല ഈ നിയമമെന്ന പരിമിതി നാം കാണേണ്ടതുണ്ട്. ആദിവാസി ഭൂനിയമം നടപ്പാക്കുന്നതോടുകൂടി ആദിവാസികളുടെ ഭൂപ്രശ്നമടക്കമുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്നാണ് ചില കൂട്ടർ ഇന്നു പ്രചരണം നടത്തുന്നതു്. അതിന്റെ അപകടം നാം മനസ്സിലാക്കേണ്ടതുണ്ട്.

1975ലെ ആദിവാസി ഭൂനിയമമനുസരിച്ച് 1960നുശേഷം കൈമാററം ചെയ്യപ്പെട്ട ഭൂമി മാത്രമാണ് ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതു്. ആദിവാസികളുടെ 90%ത്തിലേറെ ഭൂമിയും 1960നു മുമ്പുതന്നെ കൈമാററം ചെയ്യപ്പെട്ടതാണ്.

ആദിവാസി ഭൂമികളിൽ ഭൂരിപക്ഷവും കയ്യടക്കിയിട്ടുള്ളതു് സക്കാരും തോട്ടമുടമകളും വൻകിട കുടിയേററക്കാരുമാണ്. ആദിവാസികൾ നൂററാണ്ടുകളായി കൈവശം വെച്ചിരുന്ന ഭൂമിയിൽ അവരുടെ ഉടമാവകാശം തെളിയിക്കുന്ന പട്ടയമോ രേഖകളോ ഒന്നും തന്നെയില്ലാതിരുന്നതു കൊണ്ട് ഇവ തിരിച്ചു കിട്ടുമെന്നുള്ള പ്രതീക്ഷ അസ്ഥാനത്താണ്. അതുപോലെ തന്നെ കേരളത്തിലെ മുപ്പത്തഞ്ചു സർക്കാർ അംഗീകൃത ആദിവാസി വിഭാഗങ്ങളിൽ കുറിച്യർ, ഒരു വിഭാഗം കുറുമർ, മലയരയർ തുടങ്ങിയ ചില വിഭാഗങ്ങൾക്കു മാത്രമാണ് അൽപ്പമാത്രമെങ്കിലും പട്ടയഭൂമി നിലനിൽക്കുന്നതു്. ഉദാഹരണത്തിന് കേരളത്തിലെ ആദിവാസികളിൽ 30 ശതമാനം ജീവിക്കുന്ന വയനാട്ടിൽ 22000 ആദിവാസി കുടുംബങ്ങളുണ്ട്.

ഇവയിൽ വെറും 9000ത്തിലധികം കുടുംബങ്ങൾക്ക് ഒരു തുണ്ട് ഭൂമി പോലും സ്വന്തമായിട്ടില്ല. ആദിവാസി ഭൂനിയമം കൃത്യമായി നടപ്പാക്കിയാൽ പോലും വയനാട്ടിലെ ഒന്നേകാൽ ലക്ഷം വരുന്ന ആദിവാസികൾക്ക് ലഭിക്കാനിടയുള്ള ഭൂമി വെറും മൂവായിരം ഏക്കർ മാത്രമാണ്. സംസ്ഥാനത്തെ മൊത്തം അവസ്ഥ ഇതിൽ നിന്നു കാര്യമായി വ്യത്യസ്തമല്ല. സംസ്ഥാനത്തെ മൂന്നുലക്ഷം വരുന്ന ആദിവാസികൾക്ക് നിയമം കൃത്യമായി നടപ്പാക്കുകയാണെങ്കിൽ ലഭിക്കാനിടയുള്ള ഭൂമി 10,000 ഏക്കറിലും താഴെയാണെന്നുള്ളതാണ് വസ്തുത. അതേയവസരത്തിൽ നിക്ഷിപ്ത വനഭൂമിയുടെ വിനിയോഗത്തിനുള്ള ശുപാർശ പ്രകാരം 25,000ത്തോളം ഏക്കർ ഭൂമി വയനാട്ടിൽ മാത്രം ആദിവാസികൾക്ക് ലഭിക്കേണ്ടതുണ്ട്. പക്ഷേ, അതുപോലും നടപ്പിലാക്കാൻ സർക്കാർ തയ്യാറായിട്ടില്ല എന്നതാണ് വസ്തുത. ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത് നിലവിലുള്ള ആദിവാസി ഭൂനിയമത്തിന്റെ പരിമിതി വ്യക്തമാക്കാനും ആദിവാസി ഭൂനിയമം നടപ്പാക്കുന്നതോടെ ആദിവാസികളുടെ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുമെന്നുള്ള ഒരു വിഭാഗത്തിന്റെ ദുഷ് പ്രചരണങ്ങളുടെ പൊള്ളത്തരം തുറന്നുകാണിക്കാനുമാണ്.

## മിച്ചഭൂമി വിതരണം

1970 ജനവരി 1ന് ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സക്കാർ നിശ്ചയിച്ച ഭൂപരിധിയിൽ കവിഞ്ഞ് ഭൂവുടമകളുടെ കൈവശമുണ്ടായിരുന്ന 6.5 ലക്ഷം ഏക്കർ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ ഇതുവരെയായി സർക്കാർ ഏറ്റെടുത്തത് 90284 ഏക്ര ഭൂമി മാത്രമാണ്. ഇതിൽത്തന്നെ മുഴവൻ ഭൂമിയും കാൽ നൂററാണ്ടു കഴിഞ്ഞിട്ടും ഇനിയും വിതരണം ചെയ്തിട്ടില്ലെന്നതാണ് വിചിത്രം. 1970ൽ പ്രഖ്യാപിച്ച ബാക്കി മിച്ചഭൂമി ഭൂവുടമകൾക്ക് തിരിമറി ചെയ്യാനും ഫലത്തിൽ അത് മിച്ചഭൂമി അല്ലാതാക്കി മാററാനും ഭൂവുടമകൾക്ക് സൗകര്യം ചെയ്തു കൊടുക്കുകയാണ് മാറിമാറി വന്ന ഇടതു-വലതു സർക്കാരുകൾ ചെയ്തത്. 6.5 ലക്ഷം ഏക്കർ മിച്ചഭൂമി ശാസ്ത്രീയമായി വിതരണം ചെയ്യപ്പെടുമായിരുന്നെങ്കിൽ കേരളത്തിലെ ആദിവാസികൾക്ക് അവരുടെ ഭൂപ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുമായിരുന്നു. മിച്ചഭൂമി ഏറ്റെടുക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള താലൂക്ക് ലാൻറ് ബോർഡുകൾ അതിന്റെ കാലാവധി കഴിഞ്ഞു വർഷങ്ങൾക്കുശേഷം മാത്രമാണ് പുന:സംഘടിപ്പിക്കപ്പെട്ടത്. ലാൻറുബോർഡുകൾ ജനാധിപത്യപരമായ രീതിയിൽ പുന:സംഘടിപ്പിച്ചു കൊണ്ട് മുഴവൻ മിച്ചഭൂമിയും ഏറ്റെടുക്കാനോ കോടതിയിൽ കെട്ടിക്കിടക്കുന്ന കേസുകൾക്ക് ഉടൻ തീർപ്പു കല്പിച്ചു കൊണ്ട് മിച്ചഭൂമിയുടെ വിതരണം ത്വരിതപ്പെടുത്താനോ ഇനിയും സർക്കാർ തീരുമാനമെടുത്തിട്ടില്ല. ഭൂപരിധി നിയമത്തിന്റെ പഴുതുകൾ അടക്കുന്നതിനായി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ കഴിഞ്ഞ 25 വർഷമായി മാറിമാറി വന്ന സർക്കാരുകൾ ഒന്നും തന്നെ ചെയ്തിട്ടില്ല. അന്തിയുറങ്ങാൻ പോലും സ്ഥലമില്ലാത്ത ലക്ഷക്കണക്കിനു ആദിവാസികളും കർഷകത്തൊഴിലാളി വിഭാഗങ്ങളും മററും കഷ്ടപ്പെടുമ്പോൾ ഇത്തരം വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഏറ്റെടുത്ത മിച്ചഭൂമിയുടെ വിതരണം പോലും ത്വരിതപ്പെടുത്താൻ തയ്യാറാകാ

ത്ത സർക്കാരുകൾ ജന്മി-മുതലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങൾ മാത്രമാണ് സംരക്ഷിക്കുന്നതെന്ന വ്യക്തമാക്കപ്പെട്ടിരിക്കുകയാണ്.

ആദിവാസിഭൂനിയമം നടപ്പാക്കുന്നതിനെതിരെ ഇടതു-വലതു മുന്നണികൾ ഫലത്തിൽ ഒരേ നിലപാട് സ്വീകരിച്ചുകൊണ്ട് ആദിവാസികൾക്കെതിരെ ഒന്നടങ്കം അണിനിരന്നിരിക്കുകയാണ്. ആദിവാസി ഭൂനിയമം കർഷകർക്കനുകൂലമായി ഭേദഗതി ചെയ്തുകൊണ്ട് ഭൂനിയമത്തെ തന്നെ തുരങ്കം വെക്കാനാണിവർ ശ്രമിക്കുന്നത്. ആദിവാസി ഭൂനിയമം ശാസ്ത്രീയമായി നടപ്പാക്കാതെ ആദിവാസികളേയും കർഷകരേയും തമ്മിലടിപ്പിക്കുന്ന അങ്ങേയററം തെററും നിരുത്തരവാദപരവുമായ സമീപനമാണ് സർക്കാരും ഇരുമുന്നണികളും കൈക്കൊള്ളുന്നത്. ആദിവാസി ഭൂനിയമം യാതൊരു വിമർശനവും ഭേദഗതിയും ഒന്നും മുന്നോട്ടു വെക്കാതെ ഏകകണ്ഠമായി അസംബ്ലിയിൽ പാസ്സാക്കിയ-രാഷ്ട്രീയ പാർട്ടികളെല്ലാം തന്നെ ഇന്ന തികച്ചും വഞ്ചനാപരമായ രീതിയിൽ ഭൂനിയമത്തിൽ നിന്നും പിന്മാറിയിരിക്കുകയാണ്. നമ്മുടെ രാജ്യത്തെ സാമ്രാജ്യത്വത്തിനു തീറെഴുതുന്ന കേന്ദ്ര സംസ്ഥാന നയങ്ങൾക്കെതിരെ ഒന്നിച്ചണി നിരക്കേണ്ട ആദിവാസി കർഷക വിഭാഗങ്ങളെ തമ്മിലടിപ്പിച്ചുകൊണ്ട് സർക്കാരുകളുടെ ജനവിരുദ്ധ നയങ്ങൾ നടപ്പാക്കാനാണവർ ശ്രമിക്കുന്നത്. ആദിവാസികളെ കുടിയേററ കർഷകരുടെ ശത്രുക്കളായി ചിത്രീകരിക്കാനും കുടിയേററ കർഷകനെ വനം കൊള്ളക്കാരനും ആദിവാസി മർദ്ദകനുമായി അവതരിപ്പിക്കാനുമാണ് ഭരണവർഗ്ഗങ്ങൾ ശ്രമിച്ചു കൊണ്ടിരിക്കുന്നത്.

ആദിവാസി ഭൂനിയമം പാസ്സാക്കിയതിനുശേഷം അതു നടപ്പാക്കുന്നതിന് കഴിഞ്ഞ 20 വർഷമായി സർക്കാർ പക്ഷത്തു നിന്നു യാതൊരു ശ്രമവും നടത്തുകയുണ്ടായിട്ടില്ല. ഇതിന്റെ ഫലമായി 75% ഭൂമിയും പല തവണ കൈമാററം ചെയ്യപ്പെടുകയും ചെറുകിടക്കാരെ സംബന്ധിച്ചിടത്തോളം ഇതു് സങ്കീർണ്ണമായ അവസ്ഥ സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു. ഈ നിയമം പാസ്സാക്കിയതു മുതൽ അതിന്റെ പരിധിയിൽ വരുന്ന ഭൂമിയുടെ കൈമാററങ്ങൾ മരവിപ്പിക്കാനുള്ള പ്രാഥമിക ശ്രമം പോലും സർക്കാർ നടത്തിയില്ല എന്നതു് ഗുരുതരമായ തെററാണ്. ഇതിന്റെയെല്ലാം ഫലമായാണ് ആദിവാസികളും കർഷകരും തമ്മിൽ ചിലയിടങ്ങളിൽ വൈരുദ്ധ്യങ്ങൾ വളർന്നു വന്നതു്. ആദിവാസി ഭൂനിയമം ശാസ്ത്രീയമായി നടപ്പാക്കിക്കൊണ്ട് ആദിവാസി-കർഷക ഐക്യം സ്ഥാപിക്കുകയെന്ന ജനാധിപത്യപരവും പുരോഗമനപരവുമായ നിലപാടിൽ നിന്ന് നിലവിലുള്ള സർക്കാരും ഇടതു-വലതു മുന്നണികളും പിൻമാറിയിരിക്കുന്ന സാഹചര്യത്തിൽ വിപ്ലവ പുരോഗമന ശക്തികൾക്ക് മാത്രമേ ഇതിനു ശാശ്വത പരിഹാരം കാണാനാവുകയുള്ളു.

## ആദിവാസി ഭൂനിയമം: വ്യത്യസ്ത സമീപനങ്ങൾ

കേരളത്തിലെ ഇടതുമുന്നണിയുടെ നേതൃത്വം വഹിക്കുന്ന സി.പി.ഐ(എം) ആദിവാസി ഭൂനിയമത്തെ സംബന്ധിച്ച തികച്ചും അവസരവാദപരമായ നിലപാടാണ് കൈക്കൊള്ളുന്നതു്. 1975ൽ ആദിവാസി ഭൂനിമയം പാസ്സാക്കുന്ന ഘട്ടത്തിൽ ഇ.എം.എസ് നമ്പൂതിരിപ്പാടായിരുന്ന കേരള അസംബ്ലിയിലെ പ്രതിപക്ഷ നേതാവ്. അന്ന് ഈ നിയമത്തിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്യുമ്പോൾ അതിനെ പുരോഗമനപരമാ

യി ചിത്രീകരിച്ചുകൊണ്ട് മററു ഭരണകക്ഷി എം.എൽ.എമാരോടൊപ്പം ഇ.എം.എസ് അടക്കമുള്ളവർ അതിനെ പരിപൂർണ്ണമായി പിന്താങ്ങുകയാണ് ചെയ്തതു്. അങ്ങനെയാണ് ഈ നിയമം ഏകകണ്ഠമായി പാസാക്കപ്പെടുന്നതു്. ഇന്നു് സി.പി.ഐ (എം) ആദിവാസി ഭൂനിയമം അഖിലേന്ത്യാടിസ്ഥാനത്തിൽ നോക്കുമ്പോൾ ശരിയാണെങ്കിലും കേരളത്തിൽ പ്രായോഗികമല്ലെന്ന നിലപാടാണ് മുന്നോട്ടു വെക്കുന്നതു്. കഴിഞ്ഞ സി.പി.ഐ (എം) വയനാട് ജില്ലാ സമ്മേളനവുമായി ബന്ധപ്പെട്ട് ജില്ലാ സെക്രട്ടറിയും ജില്ലാ സെക്രട്ടറിയേററും വിളിച്ചുകൂട്ടിയ പത്രസമ്മേളനത്തിൽ അവർ ഇങ്ങനെ പറഞ്ഞു. ആദിവാസി ഭൂനിയമം അഖിലേന്ത്യാടിസ്ഥാനത്തിൽ നോക്കുമ്പോൾ ശരിയാണെങ്കിലും കേരളത്തിൽ പ്രായോഗികമല്ല. അഞ്ചേക്കർ വരേയുള്ള ആദിവാസി ഭൂമി ഇപ്പോഴുള്ള കൈവശക്കാർക്ക് കൈവശം വെക്കാനുള്ള നിയമഭേദഗതി ഉണ്ടാകണമെന്നതാണ് തങ്ങളുടെ നയം. സർക്കാർ വനങ്ങളിൽ കൃഷി ചെയ്യാവുന്ന ഭാഗങ്ങൾ ആദിവാസികൾക്ക് വിട്ടുകൊടുക്കണം. കൂടാതെ വയനാട്ടിലെ എസ്റ്റേററുകൾ റീ സർവ്വേ നടത്തി രേഖയിൽ പറയുന്നതിനേക്കാൾ കൂടുതൽ ഉള്ള ഭൂമി പിടിച്ചെടുത്തു നൽകണം. സി.പി.ഐ (എം)ൻെറ നിലപാട് തികച്ചും അശാസ്ത്രീയവും ആദിവാസി വിരുദ്ധവുമാണെന്നു പരിശോധിച്ചാൽ എളുപ്പം മനസ്സിലാക്കാവുന്നതേയുള്ളു. കേരളത്തിലെ ആദിവാസികൾക്ക് നാമമാത്രമായ ഭൂമി മാത്രമാണ് കൈവശമുള്ളതു്. അതിൽ 5 ഏക്കർ വരെ ആദിവാസി ഭൂമി കൈവശം വെച്ചിട്ടുള്ളവർ യാതൊരു കാരണവശാലും ഭൂമി തിരിച്ചു നല്കേണ്ട എന്ന നിലപാട് ആദിവാസി ഭൂമി കയ്യേറിയ മുഴുവൻ ആളുകൾക്കും പച്ചക്കൊടി കാണിക്കലാണ്. സംഘടിതരായ ഒരു വിഭാഗത്തിൻെറ കയ്യടിയും വോട്ടും വാങ്ങിക്കലാണ് അവരുടെ ലക്ഷ്യമെന്നു വളരെ വ്യക്തമാണ്. 1960ലെ സെററിൽമെൻറു നിയമപ്രകാരം ആദിവാസികൾക്ക് വയലും കരയും അടക്കം സർക്കാർ പരമാവധി നൽകിയിട്ടുള്ളതു് നാലേക്കർ ആണ്. ഈ സെററിൽമെൻറു അനുസരിച്ചു ഭൂമി കിട്ടിയ ഒരു ആദിവാസിയുടെ നാലേക്കർ ഭൂമിയും കയ്യേറുന്നയാൾക്ക് സി.പി.ഐ എം) ൻെറ ''നീതി'' അനുസരിച്ചു അവ യാതൊരു കാരണവശാലും തിരിച്ചു നല്കേണ്ടതില്ല. ഇടതുമുന്നണിയുടെ ഘടക കക്ഷികൾ ഏറെക്കുറെ ഇതേ നിലപാട് തന്നെയാണ് മുന്നോട്ടു വെച്ചിട്ടുള്ളതു്.

അന്യാധീനപ്പെട്ട ഭൂമി തിരിച്ചുനൽകൽ നിയമം അതേപടി നടപ്പാക്കണമെന്നു ആദിവാസി സംഘടനകളും നിയമം ഭേദഗതി ചെയ്യണമെന്നു കൈവശ കൃഷിക്കാരനും ഒരേപോലെ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ പ്രശ്നപരിഹാരത്തിന് സർക്കാർ ഭൂമി ആദിവാസികൾക്ക് പതിച്ചു നല്കണമെന്നു് കോൺഗ്രസ് (ഐ) നേതാവും വയനാട്ടിലെ ആദിവാസി എം. എൽ. എയുമായ കെ. രാഘവൻ മാസ്റ്റർ ആവശ്യപ്പെട്ടിരിക്കുകയാണ്. തുടർന്നു് അദ്ദേഹം പറയുന്നതു് ''അടിയന്തിരാവസ്ഥ കാലത്താണ് നിയമം പാസാക്കിയതു്. അന്നു് ഉദ്ദേശിച്ചതു് ആദിവാസികളെ മദ്യവും പുകയിലയും നൽകിയും പ്രലോഭിപ്പിച്ചും ഭൂമി തട്ടിയെടുത്തതു് തിരിച്ചു കൊടുക്കണമെന്നതായിരുന്നു. സാമൂഹ്യ നീതിക്കുവേണ്ടിയുള്ള ഈ നിയമം പിന്നീട് ആദിവാസി ഭൂമികൾ വാങ്ങിയവരെയെല്ലാം ഉൾപ്പെടുത്തി എല്ലാ കൈമാററങ്ങളും എന്നാക്കി മാററിയപ്പോൾ നിയമത്തിൻെറ പ്രസക്തി തന്നെ നഷ്ടപ്പെടുകയായിരുന്നു''. നിലവിലുള്ള കോൺഗ്രസ് മുന്നണി സർക്കാരിൻെറ ഔദ്യോഗിക നിലപാടായാണ് രാഘവൻ മാസ്റ്റർ തൻെറ നിലപാട് വ്യക്തമാക്കിയിട്ടുള്ളതു്.

ജനതാദരം, വിവിധ കേരള കോൺഗ്രസ് ഗ്രൂപ്പുകരം, എസ്. എൻ.ഡി.പി, എൻ.എൻ.എസ്, തുടങ്ങിയ സാമുദായിക സംഘടനകരം, വിവിധ മത വർഗ്ഗീയ സംഘടനകരം ഇവയെല്ലാം തന്നെ ഭൂമി കയ്യേററക്കാരുടെ താൽപ്പര്യങ്ങരംക്കനുസൃതമായി നിലവിലുള്ള നിയമം ഭേദഗതി ചെയ്യണമെന്നാണ് ആവർത്തിച്ച് ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്നതു്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഏറെക്കുറെ എല്ലാ ആദിവാസി സംഘടനകളും ആദിവാസി ഭൂനിയമം വാക്കിലെങ്കിലും നടപ്പാക്കണമെന്നു വാദിക്കുന്നവരാണ്. പക്ഷെ, ആദിവാസി ഭൂനിയമത്തെ ശാസ്ത്രീയമായി നോക്കിക്കാണുന്നതിനും ആദിവാസികരം നേരിടുന്ന പൊതുപ്രശ്നങ്ങരം മനസ്സിലാക്കിക്കൊണ്ട് അവരെ പുരോഗതിയുടെ പാതയിലേക്ക് നയിക്കുന്നതിനും കൃത്യമായ രാഷ്ട്രീയ ലക്ഷ്യങ്ങളുടെ അഭാവത്തിൽ ഇത്തരം സംഘടനകരംക്ക് കഴിയില്ല.

## വിദേശപ്പണം പററുന്ന വോളൻററി സംഘടനകൾ

കേരളത്തിലെ വിപ്ലവ പുരോഗമന ശക്തികളുടെ പ്രവർത്തനങ്ങളുടെ ഫലമായി ആദിവാസികരം വലിയൊരളവിൽ സംഘടനാബോധം കൈവരിക്കുകയും തങ്ങരം നേരിടുന്ന വിവിധ പ്രശ്നങ്ങളെ മുൻനിർത്തി പ്രക്ഷോഭ സമരങ്ങരംക്കിറങ്ങുകയും ചെയ്യതോടെ ഭരണവർഗ്ഗങ്ങരംക്ക് അങ്കലാപ്പുണ്ടായിക്കൊണ്ടിരിക്കുകയാണ്. സാമ്രാജ്യത്വത്തിനും ജന്മി മുതലാളി ഭരണത്തിനുമെതിരെ വളർന്നുവരുന്ന സമരങ്ങളെ വഴിതെററിക്കാൻ ഇന്ന് നിരവധി നിക്ഷിപ്ത താൽപ്പര്യക്കാർ കച്ചകെട്ടിയിറങ്ങിയിട്ടുണ്ട്. ബൂർഷ്വാ മാധ്യമങ്ങളുടേയും സർക്കാർ ബുദ്ധിജീവികളുടേയും വോളൻററി സംഘടനകളുടേയും സാമൂഹ്യ പ്രസക്തി നഷ്ടപ്പെട്ട ചില രാഷ്ട്രീയ ഗ്രൂപ്പുകളുടേയും ചില മത സാമുദായിക സംഘടനകളുടേയും ഒരു കൂട്ടുകെട്ട് ആദിവാസി സമരങ്ങളുടെ ദിശയെ തിരിച്ചുവിടാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആദിവാസികളുടെ ഉദ്ധാരണത്തിന് തടസ്സം രാഷ്ട്രീയവും രാഷ്ട്രീയക്കാരുമാണെന്നും രാഷ്ട്രീയത്തിനതീതമായി ആദിവാസികരം തന്നെ മററാരുടേയും സഹായമില്ലാതെ തങ്ങളുടെ പ്രശ്നങ്ങരം പരിഹരിക്കണമെന്നുമാണ് ഇവർ പ്രചരിപ്പിക്കുന്ന ആശയം. സാർവ്വദേശീയ തലത്തിൽത്തന്നെ സാമ്രാജ്യത്വ ശക്തികരം ആദിവാസി മേഖലയെ ഇത്തരം പ്രവർത്തനങ്ങരംക്കായുള്ള ലക്ഷ്യകേന്ദ്രമായി തെരഞ്ഞെടുത്തിരിക്കുകയാണ്. സാമ്രാജ്യത്വത്തിൻെറ പുത്തൻ കൊളോണിയൽ ചൂഷണങ്ങളുടെ ഫലമായി ലോകമെങ്ങും നടക്കുന്ന പട്ടിണിമരണങ്ങരം ഏറെക്കുറെ പൂർണ്ണമായി ആദിവാസി മേഖലയിൽ തന്നെയാണ് നടന്നു കൊണ്ടിരിക്കുന്നതു്. കേരളത്തിലെ പട്ടിണിമരണങ്ങരം ഇന്ന് നടക്കുന്നതു് അട്ടപ്പാടി, വയനാട് തുടങ്ങിയ പ്രദേശങ്ങളിലെ ആദിവാസി വിഭാഗങ്ങരംക്കിടയിലാണ്. ആദിവാസികരം ഇന്നു നേരിടുന്ന ഫോറസ്റ്റ്–പോലീസ്–ഭൂവുടമാ ഗുണ്ടാ ആക്രമണങ്ങരംക്കും ആദിവാസി സ്ത്രീകരംക്കുനേരെ നടക്കുന്ന ബലാൽക്കാരങ്ങരംക്കുമെതിരായ ചെറുത്തുനിൽപ്പുകരംക്കും കൂലി കൂട്ടലിനും ജീവിതാവശ്യങ്ങരം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള സമരങ്ങരംക്കുമെല്ലാം ശരിയായ നേതൃത്വം നല്കുന്നതു് കമ്യൂണിസ്റ്റ് വിപ്ലവകാരികളാണ്. അതുകൊണ്ട് ബീഹാറിലും ആന്ധ്രയിലും ഒറീസ്സയിലും മദ്ധ്യപ്രദേശിലും

ഇന്ത്യയിലെല്ലായിടത്തും തന്നെ ആദിവാസി വിഭാഗങ്ങളും മുഖ്യമായും വിപ്ലവ ശക്തികൾക്കൊപ്പം തന്നെയാണ്. ആദിവാസികളെ വിപ്ലവത്തിന്റെ പുരോഗതിയുടെ പാതയിൽ നിന്ന വ്യതിചലിപ്പിക്കുന്നതിനുവേണ്ടി കോടിക്കണക്കിന് വിദേശപ്പണം നമ്മുടെ രാജ്യത്തു ഇറക്കിക്കൊണ്ട് ഹിൽഡ, സോളിഡാരിററി, സൗത്ത്സോൺ ആദിവാസി ഫോറം തുടങ്ങിയ നിരവധി സംഘടനകൾ വയനാട് തങ്ങളുടെ മുഖ്യ കേന്ദ്രമാക്കി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ആദിവാസികളിൽ തന്നെ ചിലരെ വിലയ്ക്കെടുത്തുകൊണ്ട് അവരെ ജനീവയിലേക്കും ജർമ്മനിയിലേക്കും മററും കൊണ്ടുപോയി ആദിവാസികളുടെ വിമോചകരായി കൊട്ടിഘോഷിക്കാനാണ് സാമ്രാജ്യത്വപണം പററുന്ന വോളൻററി സംഘടനകൾ ശ്രമിക്കുന്നത്.

അടുത്തകാലം വരെ ആദിവാസി ഭൂനിയമം അതേപടി നടപ്പാക്കണമെന്ന് കണ്ണുമടച്ചു വാദിക്കുകയും കർഷകർക്ക് നേരെ പോർവിളി നടത്തുകയും ചെയ്ത ജാനുവും കൂട്ടരും ഇന്ന് ആദിവാസി ഭൂനിയമത്തിന്റെ പ്രശ്നം ഫലത്തിൽ ഉപേക്ഷിച്ചുകൊണ്ട് സർക്കാർ ഭൂമിയും മിച്ചഭൂമിയും ആദിവാസികൾക്ക് നൽകി ഭൂപ്രശ്നം പരിഹരിക്കണമെന്ന് പറഞ്ഞു കൊണ്ടുള്ള സമരത്തിലാണ്. ഭരണവർഗ്ഗങ്ങളുടേയും ചില ബിഷപ്പുമാരുടേയും സമ്മർദ്ദത്തിന്റെ ഫലമായാണ് ജാനുവും കൂട്ടരും ഇത്തരം നിലപാടിലെത്തിയത്.

ആദിവാസി ഭൂനിയമം ശാസ്ത്രീയമായി നടപ്പാക്കുക എന്ന അടിസ്ഥാന നിലപാടിൽ ഉറച്ചു നിന്നുകൊണ്ട് ആദിവാസികളെ വംശഹത്യയിലേക്ക് നയിക്കുന്ന സർക്കാരിന്റെ ജനവിരുദ്ധ വികസന നയത്തെ ചെറുത്തു തോല്പിച്ചുകൊണ്ടും ആദിവാസികളെ രക്ഷിക്കാനും അവരുടെ നൂററാണ്ടുകളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും സമഗ്ര പുരോഗതി ലക്ഷ്യം വെച്ചുകൊണ്ട് എല്ലാ ജനാധിപത്യ പുരോഗമന ശക്തികളും പ്രവർത്തിക്കേണ്ടതുണ്ട്. ഇവരെ ജനാധിപത്യ സമൂഹത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിനായി ആദിവാസി ഭൂപ്രശ്നമടക്കം അവരുടെ അടിസ്ഥാനാവശ്യങ്ങളെ പിന്തുണക്കാനും അതിനുവേണ്ടി സമര പാതയിൽ അണിനിരക്കാനും മുഴുവൻ ജനാധിപത്യ പുരോഗമന ശക്തികളും മനുഷ്യസ്നേഹികളും തയ്യാറാകേണ്ടതുണ്ട്.

ഈ ലക്ഷ്യം നേടിയെടുക്കുന്നതിനുവേണ്ടി നാം നടത്തുന്ന സമരം ചെറുകിട-ഇടത്തരം കർഷകർക്കെതിരെ തിരിയാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്. ബ്രിട്ടീഷ് ഭരണകാലത്തും അതിനുശേഷവുമുള്ള തെററായ കാർഷിക നയങ്ങളുടെ ഭാഗമായാണ് സമതലങ്ങളിൽ നിന്ന കർഷകർ മലമ്പ്രദേശങ്ങളിലേക്ക് കുടിയേറിയതും ആദിവാസികൾക്ക് ഭൂമി നഷ്ടപ്പെട്ടതെന്നും നാം കാണേണ്ടതുണ്ട്. അപ്പോൾ ഇതിൽനിന്നും മനസിലാക്കേണ്ടത് ആദിവാസികളുടെ ശത്രുക്കൾ സാധാരണ കർഷകരല്ലെന്നും ബ്രിട്ടീഷു ഭരണം മുതൽ ഇന്നുവരെ നിലനിന്ന സർക്കാരുകളും ഭരണവർഗ്ഗങ്ങളും തന്നെയാണെന്നുമാണ്. ഇതിൽ ഒന്നാംപ്രതി സർക്കാർ തന്നെയാണെന്നും നാം തിരിച്ചറിയേണ്ടതുണ്ട്.

രണ്ടാം ലോകയുദ്ധത്തെ തുടന്ന് ഗുരുതരമായ ഭക്ഷ്യ ദൗർലഭ്യം ഉണ്ടായ ഘട്ടത്തിലാണ് വനഭൂമി വ്യാപകമായി കത്തകപ്പാട്ടത്തിന് നല്കി ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കാൻ ബ്രിട്ടീഷ് സർക്കാർ ശ്രമിച്ചത്. ഇതി

ന്റെ ഫലമായി തിരുവിതാംകൂറിലും കൊച്ചിയിലും പതിനായിരക്കണക്കിനു ഹെക്ടർ വനഭൂമി നിയമ വിധേയവും നിയമ വിരുദ്ധവുമായ രീതിയിൽ കൃഷിഭൂമിയാക്കപ്പെട്ടു. മലബാർ പ്രദേശത്ത് സ്വകാര്യ വനങ്ങളടക്കമുള്ള ലക്ഷക്കണക്കിന് ഏക്കർ സ്ഥലം ഇത്തരം കുടിയേററത്തിന് വിധേയമായി. ഭരണ സ്വാധീനവും മററും ഉപയോഗിച്ച് വൻകിടക്കാർ തിരുവിതാംകൂർ കൊച്ചി മലബാർ പ്രദേശത്തെ കിഴക്കൻ മലയോരങ്ങളിൽ വ്യാപകമായി ആദിവാസി ഭൂമിയടക്കം കയ്യേററങ്ങൾ നടത്തുകയും കോടിക്കണക്കിന് രൂപയുടെ മരങ്ങൾ വെട്ടി വിൽക്കുകയും കാപ്പി, തേയില, റബ്ബർ തുടങ്ങിയ പുതിയ തോട്ടങ്ങൾ വെച്ചുപിടിപ്പിക്കുകയും ചെയ്തു.

ഇത്തരം കയ്യേററക്കാരെ കൂടാതെ യുദ്ധകാലത്ത് ഉണ്ടായ ക്ഷാമത്തിന്റേയും സമ്പദ്ഘടനയുടെ തകർച്ചയുടേയും ഫലമായി ചെറുകിട കർഷകരും കർഷക തൊഴിലാളികളും സ്വന്തം നിലനില്പിനു വേണ്ടി സമ്പന്നമായ കിഴക്കൻ മലമ്പ്രദേശങ്ങളിലേക്ക് പോകാൻ നിർബന്ധിക്കപ്പെട്ടു. ഇവരിൽ ഭൂരിഭാഗവും അന്ന് നിലവിലുള്ള ന്യായമായ വില നല്കിക്കൊണ്ട് തുണ്ടു ഭൂമികൾ വാങ്ങുകയാണുണ്ടായത്.

ആദിവാസി ഭൂനിയമം നടപ്പാക്കുമ്പോൾ വൻകിട ഭൂവുടമകളായ കയ്യേററക്കാരേയും ചെറുകിട ദരിദ്ര കർഷകരേയും നാം വേർതിരിച്ചു കാണേണ്ടതുണ്ട്. ആദിവാസി സംഘടനകളുടേയും കർഷക സംഘടനകളുടേയും വിവിധ രാഷ്ട്രീയ പാർട്ടികളുടേയും പ്രതിനിധികളെ വിളിച്ചുകൂട്ടിക്കൊണ്ട് ആദിവാസി ഭൂനിയമം ശാസ്ത്രീയമായി നടപ്പിലാക്കുന്നതിനു വേണ്ടി കൂടിയാലോചനകൾ നടത്തുന്നതിനും ആദിവാസി ഭൂനിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ചെറുകിട കർഷകർക്കുണ്ടാകാവുന്ന പ്രശ്നങ്ങൾക്ക് രമ്യമായ ചർച്ചകളിലൂടെ പരിഹാരം കാണാനുമാണ് സർക്കാർ ശ്രമിക്കേണ്ടത്. ഇതിനായുള്ള ശ്രമങ്ങൾ നടത്താതെ ആദിവാസികളേയും കർഷകരേയും തമ്മിലടിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ആദിവാസി ഭൂനിയമത്തിന്റെ പരിമിതികൾ മനസിലാക്കിക്കൊണ്ട് അതു് ശാസ്ത്രീയവും ജനാധിപത്യപരവുമായ രീതിയിൽ നടപ്പാക്കാനുള്ള പ്രക്ഷോഭത്തിൽ ഇന്നു മുഴുവൻ ജനാധിപത്യ വിശ്വാസികളും അണിനിരക്കേണ്ടതുണ്ട്. ആദിവാസി ഭൂനിയമം ആദിവാസികൾക്കെതിരായി ഭേദഗതി ചെയ്യാനുള്ള നിക്ഷിപ്ത താല്പര്യക്കാരുടേയും സർക്കാരിന്റേയും ഗൂഢാലോചനയെ തുറന്നുകാട്ടിക്കൊണ്ട് ചെറുകിട ഇടത്തരം കർഷകരുടേയും ആദിവാസികളുടേയും മഹത്തായ ഐക്യം സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടു കൂടി ആദിവാസി ഭൂനിയമം ശാസ്ത്രീയമായി നടപ്പാക്കാനുള്ള സമരത്തിൽ ഉറച്ചു നിന്നുകൊണ്ട് നാം പോരാടേണ്ടിയിരിക്കുന്നു. കേരള കർഷക തൊഴിലാളി യൂണിയന്റേയും മററു പുരോഗമന ശക്തികളുടേയും നേതൃത്വത്തിൽ ആദിവാസി ഭൂനിയമം നടപ്പാക്കുന്നതിനും ആദിവാസികൾ ഇന്നു നേരിടുന്ന അടിയന്തിര പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും വേണ്ടി മെയ് 14ന് മാനന്തവാടിയിൽ നടക്കുന്ന കേരള സംസ്ഥാന ആദിവാസി ഭൂസംരക്ഷണ സമ്മേളനം വിജയിപ്പിക്കുന്നതിനുവേണ്ടി സഹകരിക്കണമെന്ന് ഞങ്ങൾ മുഴുവൻ ജനാധിപത്യ വിശ്വാസികളോടും മനുഷ്യ സ്നേഹികളോടും അഭ്യർത്ഥിക്കുന്നു.

കേരള കർഷക തൊഴിലാളി യൂണിയൻ
സംസ്ഥാനക്കമ്മിററി

## ആദിവാസി ഭൂസംരക്ഷണ സമ്മേളനം

മെയ് 14

## മാനന്തവാടിയിൽ

ആദിവാസി ഭൂനിയമം ശാസ്ത്രീയമായി നടപ്പിലാക്കുക

ആദിവാസി ഭൂനിയമം ഭേദഗതി ചെയ്യാനുള്ള നീക്കത്തെ ചെറുക്കുക

ആദിവാസികളെയും കർഷകരെയും തമ്മിലടിപ്പിക്കുന്ന സർക്കാർ നയത്തിനെതിരെ അണിനിരക്കുക

ആദിവാസി-കർഷക ഐക്യം സിന്ദാബാദ്

ആദിവാസി രംഗത്തെ വിദേശപ്പണം പററുന്ന ചാര സംഘടനകളുടെ നുഴഞ്ഞുകയററത്തെ ചെറുക്കുക

പ്രസിദ്ധീകരിക്കുന്നത്:

കേരള കർഷകതൊഴിലാളി യൂണിയൻ (KKTU)
സംസ്ഥാന കമ്മററി

സംഭാവന 1 രൂപ

Printed at Comrade Printers-Thrissur 680 322